## 724

*രീതി: എന്റെ ഭാവിയെല്ലാമെന്റെ*

1 ദുഃഖത്തിന്റെ പാനപാത്രം കർത്താവെന്റെ കൈയിൽ തന്നാൽ
സന്തോഷത്തോടതു വാങ്ങി ഹല്ലേലുയ്യാ പാടിടും ഞാൻ-

2 ദോഷമായിട്ടെന്നോടൊന്നും എന്റെ താതൻ ചെയ്കയില്ല
എന്നെയവനടിച്ചാലും അവനെന്നെ സ്നേഹിക്കുന്നു

3 കഷ്ടനഷ്ടമേറി വന്നാൽ ഭാഗ്യവാനായ്ത്തീരുന്നു ഞാൻ
കഷ്ടമേറ്റ കർത്താവോടു കൂട്ടാളിയായ്ത്തിരുന്നു ഞാൻ-

4 ലോകസൗഖ്യമെന്തു തരും ? ആത്മക്ലേശമതിൻ ഫലം
സൗഭാഗ്യമുള്ളാത്മ ജീവൻ കഷ്ടതയിൽ വർദ്ധിക്കുന്നു-

5 ജീവനത്തിൻ വമ്പു വേണ്ടാ കാഴ്ചയുടെ ശോഭ വേണ്ടാ
കൂടാരത്തിൻ മുടിപോലെ ക്രൂശിൻ നിറം മാത്രം മതി-

6 ഉള്ളിലെനിക്കെന്തു സുഖം തേജസ്സേറും കെരൂബുകൾ
കൂടാരത്തിനകത്തുണ്ട് ഷെക്കീനായുമുണ്ടവിടെ-

7 ഭക്തന്മാരാം സഹോദരർ വിളക്കുപോൽ കൂടെയുണ്ട്
പ്രാർത്ഥനയിൻ ധൂപമുണ്ട് മേശമേലെന്നപ്പമുണ്ട്-

8 പ്രാകാരത്തിലെന്റെ മുമ്പിൽ യേശുവിനെ കാണുന്നു ഞാൻ
യാഗപീഠമവനത്രേ എന്നുമെന്റെ രക്ഷയവൻ-

9 ദിനം തോറും പുതുക്കുന്ന ശക്തിയെന്നിൽ പകരുവാൻ
സ്വച്ഛജലം വച്ചിട്ടുള്ള പിച്ചളത്തൊട്ടിയുമുണ്ട്-

10 ലോകത്തെ ഞാനോർക്കുന്നില്ല കഷ്ടനഷ്ടമോർക്കുന്നില്ല
എപ്പോളെന്റെ കർത്താവിനെ ഒന്നു കാണാമെന്നേയുള്ളു- **M.K.**